ജി.യു.പി.എസ് എരഞ്ഞിമങ്ങാട്
എരഞ്ഞിമങ്ങാട് പി.ഒ, നിലമ്പൂർ
മലപ്പുറം ജില്ല, പിൻ - 679 329
ഫോൺ 04931 206 055, Email : gupsermd@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ



| | | | | | |
|---|---|---|---|---|---|
| Ednl Dis | : | Wandoor | Sub Dis | : | Nilambur |
| Rev Dis | : | Malappuram | Pin | : | 679 329 |
| Grama Panchayath | : | Chaliyar | Block Panchayath | : | Nilambur |



**STAFF**



**PTA**

**ജി.യു.പി.എസ് എരഞ്ഞിമങ്ങാട്**
**എരഞ്ഞിമങ്ങാട് പി.ഒ, നിലമ്പൂർ**
**മലപ്പുറം ജില്ല, പിൻ - 679 329**
**ഫോൺ 04931 206 055**, Email : gupsermd@gmail

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

| | | | |
|---|---|---|---|
| **Ednl Dis** | **: Wandoor** | **Sub Dis** | **: Nilambur** |
| **Rev Dis** | **: Malappuram** | **Pin** | **: 679 329** |
| **Grama Panchayath** | **: Chaliyar** | **Block Panchayath** | **: Nilambur** |

# സ്കൂൾ പ്രൊഫൈൽ 2025-26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജിയുപിഎസ് എരഞ്ഞിമങ്ങാട് |
| മേൽവിലാസം | : | എരഞ്ഞിമങ്ങാട്.പിഒ , 679 329 |
| വിദ്യാഭ്യാസ ഉപ ജില്ല | : | നിലമ്പൂർ |
| വിദ്യാഭ്യാസ ജില്ല | : | വണ്ടൂർ |
| റവന്യൂ ജില്ല | : | മലപ്പുറം |
| ഗ്രാമ പഞ്ചായത്ത് | : | ചാലിയാർ |
| ബ്ലോക്ക് പഞ്ചായത്ത് | : | നിലമ്പൂർ |
| വില്ലേജ് | : | അകമ്പാടം |
| താലൂക്ക് | : | നിലമ്പൂർ |
| സ്ഥാപിത വർഷം | : | 1928 |
| ക്ലസ്റ്റർ സെന്റർ | : | ജി.യു.പി.എസ് മൈലാടി |
| സ്കൂൾ ഉടമസ്ഥത | : | ഗവൺമെന്റ് |
| സ്കൂൾ വിഭാഗം | : | UP / LP |
| സ്കൂൾ കോഡ് | : | 48455 |
| യു ഡയസ് കോഡ് | : | 32050402510 |
| ഫോൺ | : | 04931 206055 |
| ഇ മെയിൽ | : | gupsermd@gmail.com |
| സ്കൂൾ ബ്ലോഗ് | : | gupschooleranhimangad.blog spot |
| ഹെഡ്മാസ്റ്റർ | : | വിനോദ് കുമാർ കെപി |
| പി.ടി.എ പ്രസിഡന്റ് | : | മുജീബ് സിപി |
| എസ്.എം.സി. ചെയർമാൻ | : | ഷാനവാസ് |
| എം.ടി.എ പ്രസിഡന്റ് | : | അസിത |

# ആമുഖം

പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായ വിദ്യാലയമാണ് മലപ്പുറം ജില്ലയിലെ, വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലുള്ള നിലമ്പൂർ സബ് ജില്ലയുടെ കീഴിലുള്ള ജിയുപിഎസ് എരഞ്ഞിമങ്ങാട്. 1928 ൽ സ്ഥാപിതമായ വിദ്യാലയം 97 വർഷം പിന്നിടുമ്പോൾ വളർച്ചയുടെ പടവുകൾ ഓരോന്നായി കീഴടക്കുകയാണ്. 750 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നു. 32 അധ്യാപകരും 5 ഇതര ജീവനക്കാരും ഇവിടെ സേവനം ചെയ്യുന്നു. വളരെ പരിമിതമായ സ്ഥലസൗകര്യങ്ങൾക്കിടയിലും മെച്ചപ്പെട്ട ഭൗതിക സൗകര്യം ഒരുക്കുവാൻ സാധിച്ചിട്ടുണ്ട്. പി ടി എ , എസ് എം സി , എം ടി എ ഭാരവാഹികൾ, അധ്യാപകർ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും സ്കൂളിന്റെ പുരോഗതിക്കായി നൂതനാശയങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. സ്കൂളിന്റെ പ്രവർത്തനശൈലിയും അധ്യാപകരുടെ സന്നദ്ധതയും അർപ്പണബോധവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൊതുസമൂഹം എന്നിവരുടെ പങ്കാളിത്തവും ജില്ലയിലെ മികച്ച സ്കൂൾ ആയി മാറ്റുന്നതിന് സഹായകമായി.

പല വർഷങ്ങളിലായി ധാരാളം അവാർഡുകൾ കരസ്ഥമാക്കുവാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. 2015-16 വർഷത്തിലെ മാതൃഭൂമി സീഡിന്റെ സ്റ്റേറ്റ് അവാർഡ് ആയ വിശിഷ്ട ഹരിത വിദ്യാലയം അവാർഡ്, അതേ വർഷം തന്നെ എസ് എസ് എ മലപ്പുറം ജില്ലയിലെ ഏറ്റവും വൃത്തിയുള്ള വിദ്യാലയമായി തെരഞ്ഞെടുത്തത്, കൂടാതെ സോഷ്യൽ ഫോറസ്റ്ററിയുടെ വനമിത്ര അവാർഡ് എന്നിവ ഇതിൽ എടുത്തു പറയേണ്ടതാണ്.

2025 - 26 വർഷത്തിൽ എൽപി യുപി വിഭാഗങ്ങളിലായി 750 ഓളം കുട്ടികളാണ് ഇവിടെ പഠിച്ചു വരുന്നത്. LSS, USS ജേതാക്കളുടെ എണ്ണത്തിൽ ഓരോ വർഷവും അജയ്യരായി തുടരുമ്പോഴും പഠനാനുബന്ധ, പാഠ്യേതര രംഗത്തും മിന്നുന്ന പ്രകടനം കാഴ്ചവെക്കുവാൻ ഈ വിദ്യാലയത്തിന് ആയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് വലിയ കുതിപ്പിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിന് പ്രധാന പരിമിതിയായി എടുത്തു പറയാനുള്ളത് കായികരംഗത്ത് പരിശീലനം നൽകുന്നതിന് ആവശ്യമായ ഒരു ഗ്രൗണ്ട് ഇല്ല എന്നത് തന്നെയാണ്.

കാലാനുസൃതമായ പുരോഗതികളും മാറ്റങ്ങളും വിദ്യാലയത്തിൽ വന്നുകൊണ്ടിരിക്കുമ്പോഴും, ഒരുപാട് സ്വപ്നങ്ങളും, പ്രതീക്ഷകളും ഇനിയും യാഥാർത്ഥ്യമാക്കാനുണ്ട്. അതിനായി ഞങ്ങൾ ഒത്തൊരുമിച്ച് മുന്നേറുന്നു. എല്ലാം സഫലമാകും എന്ന പ്രതീക്ഷയോടെ.......

# ചരിത്രം

1928 ൽ എൽ പി സ്കൂളായി ആരംഭിച്ച ഈ വിദ്യാലയമാണ് ചാലിയാർ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. പന്ത്രണ്ടായിരത്തോളം കുട്ടികൾ നാളിതുവരെ ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങി കഴിഞ്ഞു. 1921ലെ മലബാർ കലാപം വരുത്തിയ **വർഗീയധ്രുവീകരണത്തിനും**, പിരിമുറുക്കത്തിനും അയവു വരുത്താൻ നിലമ്പൂർ കോവിലകം കൃഷി ഭൂമികളിലെ വിവിധ മതസ്ഥരായ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഉതകുമെന്ന തിരിച്ചറിവാണ് സ്കൂൾ ആരംഭിക്കുവാൻ പ്രചോദനമായതെന്നാണ് രേഖപ്പെടുത്തലുകൾ. കളരിവായിൽ ശങ്കരമേനോൻ ആണ് സ്കൂൾ സ്ഥാപിച്ചത്. വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ച വിദ്യാലയം 1997 98 ചാലിയാർ പഞ്ചായത്തിലെ കളക്കുന്നിൽ ഒരു ഏക്കർ സ്ഥലം കണ്ടെത്തി. പി ടി എ യുടേയും, പഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ച് ഈ സ്ഥലം വാങ്ങി സർക്കാറിന് കൈമാറുന്നത് വരെ വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചത്. മൈലാടി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കുന്നിടിച്ചു മണ്ണെടുത്തു മാറ്റിയ സ്ഥലമാണ് സ്കൂളിനായി കണ്ടെത്തിയത്.

1999 - 2000 ൽ ബ്ലോക്ക് പഞ്ചായത്ത് വക ഇരു നില കെട്ടിടവും, തുടർന്നും ബ്ലോക്ക് പഞ്ചായത്ത് വക കിണർ, പാർശ്വഭിത്തി എന്നിവ പണിത് 2001 വർഷം യുപി വിഭാഗം മാത്രം എരഞ്ഞിമങ്ങാട് വാടക കെട്ടിടത്തിൽ നിന്നും സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റിയതോടെ സ്കൂളിന്റെ പ്രവർത്തനം പുതിയ കേന്ദ്രത്തിൽ ആരംഭിച്ചു. 2001 മുതൽ 2014 മാർച്ച് 31 വരെ രണ്ട് കേന്ദ്രങ്ങളിലായി പ്രവർത്തനം നടന്നുവന്നു. മുക്കാൽ കിലോമീറ്റർ അകലത്തിലുള്ള രണ്ട് കേന്ദ്രങ്ങളിലായുള്ള പ്രവർത്തനം ധാരാളം അസൗകര്യങ്ങൾക്കിടയാക്കി എന്നത് ആണ് യാഥാർത്ഥ്യം. 2004 2005ൽ ടി കെ ഹംസ എംപിയുടെ കെട്ടിടം, 2005 മുതൽ എസ് എസ് എ വഴി നടപ്പിലാക്കിയ 6 ക്ലാസ് മുറികൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ, 2012 - 13 ൽ ബഹുമാനപ്പെട്ട എം.പി ശ്രീ പി രാജീവിന്റെ 10 ലക്ഷം രൂപയുടെ

കെട്ടിടം, എരഞ്ഞിമങ്ങാട് യത്തീംഖാന സ്പോൺസർ ചെയ്ത് നിർമ്മിച്ച സ്റ്റേജ് കം ക്ലാസ് റൂം ,കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം, കാലാകാലങ്ങളിൽ പിടിഎ നിർമ്മിച്ചു നൽകിയ അസംബ്ലി ഹാൾ, ലൈബ്രറി, ലാബ് സൗകര്യങ്ങൾ എസ് എസ് എ വഴി നടപ്പിലാക്കിയ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ്, അഡാപ്റ്റഡ് ടോയ്ലറ്റ് തുടങ്ങിയവയാണ് സ്കൂളിൻറെ നിലവിലെ ഭൗതിക സൗകര്യങ്ങൾ. 36 ക്ലാസ് മുറികളിൽ എല്ലാം ടൈൽസ് പതിച്ചതും ഇലക്ട്രിസിറ്റി സൗകര്യങ്ങൾ ഉള്ളവയുമാണ്. ആധുനിക സൗകര്യത്തോടുകൂടിയ ഒരു കമ്പ്യൂട്ടർ ലാബും സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

## 2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| CLASS | DIV | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC Other than Muslim | | | OTHERS | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 1 | 3 | 30 | 38 | **68** | 1 | 3 | **4** | 3 | 4 | **7** | 22 | 22 | **44** | 0 | 0 | **0** | 4 | 8 | **12** | 0 | 1 | **1** |
| 2 | 3 | 29 | 35 | **64** | | | **0** | 5 | 1 | **6** | 20 | 28 | **48** | 1 | 0 | **1** | 3 | 5 | **8** | 0 | 1 | **1** |
| 3 | 3 | 43 | 33 | **76** | 1 | 3 | **4** | 1 | 4 | **5** | 33 | 21 | **54** | 1 | 1 | **2** | 7 | 3 | **10** | 0 | 1 | **1** |
| 4 | 3 | 37 | 55 | **92** | 5 | 3 | **8** | 1 | 4 | **5** | 25 | 37 | **62** | 2 | 3 | **5** | 3 | 7 | **10** | 1 | 2 | **3** |
| 5 | 5 | 68 | 69 | **137** | 3 | 4 | **7** | 4 | 3 | **7** | 47 | 43 | **90** | 2 | 2 | **4** | 11 | 14 | **25** | 1 | 3 | **4** |
| 6 | 4 | 77 | 74 | **151** | 1 | 4 | **5** | 9 | 2 | **11** | 51 | 57 | **108** | 2 | 3 | **5** | 15 | 9 | **24** | 0 | 0 | **0** |
| 7 | 4 | 64 | 67 | **131** | 3 | 1 | **4** | 6 | 4 | **10** | 46 | 48 | **94** | 1 | 2 | **3** | 6 | 9 | **15** | 2 | 3 | **5** |
| **TOTAL** | **25** | **348** | **371** | **719** | **14** | **18** | **32** | **29** | **22** | **51** | **244** | **256** | **500** | **9** | **11** | **20** | **49** | **55** | **104** | **4** | **11** | **15** |
| **PP** | 47 | 46 | 46 | 93 | 3 | 1 | 4 | 1 | 0 | 1 | 38 | 39 | 77 | 0 | 0 | 0 | 0 | 0 | 0 | 2 | 4 | 6 |
| **G .T** | **72** | **394** | **417** | **812** | **17** | **19** | **36** | **30** | **22** | **52** | **282** | **295** | **577** | **9** | **11** | **20** | **49** | **55** | **104** | **6** | **15** | **21** |

# ഭൗതികം - പശ്ചാത്തലമൊരുക്കൽ

| ക്രമനമ്പർ | മേഖല | നിലവിലുള്ള അവസ്ഥ/ പോരായ്മ/ മികവ് | പോരായ്മ പരിഹരിക്കാൻ കണ്ടെത്തിയ പ്രവർത്തനങ്ങൾ | പിന്തുണ / സംവിധാനം | സാമ്പത്തിക / മാനുഷിക വിഭവം | ചുമതല | സമയം |
|---|---|---|---|---|---|---|---|
| 1 | ജനൽ വാതിൽ | നിലവിലുള്ള ക്ലാസ് റൂമുകൾക്ക് ജനലും വാതിലും വെച്ച് ഭിത്തി പൂർത്തീകരിക്കൽ | 4 ക്ലാസ് മുറികൾക്ക് അരഭിത്തി മാത്രമാണ് ഉള്ളത്. അവയ്ക്ക് ജനലും വാതിലും വെച്ച് ഭിത്തി പൂർത്തീകരിച്ച് പ്ലാസ്റ്ററിംഗ് പെയ്ൻറിംഗ് അടക്കം ചെയ്തു പൂർത്തീകരിക്കണം. | MP / MLA / LSGD | 15 ലക്ഷം | | |
| 2 | മുറ്റം ടൈൽ പതിക്കൽ | മുറ്റത്തിന്റെ കുറച്ചുഭാഗം ടൈൽ ഇല്ലാത്തതിനാൽ വേനൽക്കാലത്ത് പൊടി ശല്യം ഏറെ പ്രയാസമുണ്ടാക്കുന്നു. | മുറ്റത്തെ പൊടി ശല്യം ഒഴിവാക്കാൻ വെള്ളം ഇറങ്ങുന്ന ടൈൽ പതിക്കണം. | MLA | 3 ലക്ഷം | | |

| ക്രമനമ്പർ | മേഖല | നിലവിലുള്ള അവസ്ഥ/ പോരായ്മ/ മികവ് | പോരായ്മ പരിഹരിക്കാൻ കണ്ടെത്തിയ പ്രവർത്തനങ്ങൾ | പിന്തുണ / സംവിധാനം | സാമ്പത്തിക / മാനുഷിക വിഭവം | ചുമതല | സമയം |
|---|---|---|---|---|---|---|---|
| 3 | അസംബ്ലി ഹാൾ നിർമ്മാണം | | മുഴുവൻ കുട്ടികൾക്കും മഴയും വെയിലും ഏൽക്കാതെ ഒന്നിച്ച് അസംബ്ലി ചേരാൻ പറ്റുന്ന രൂപത്തിൽ റൂഫോട് കൂടിയ അസംബ്ലി ഹാൾ | MP / MLA / LSGD | 20 ലക്ഷം | | |
| 4 | ചുറ്റുമതിൽ നവീകരണം. | | സ്കൂളിൻറെ പുറകുവശത്ത് ചുറ്റും മതിൽ നിർമ്മിക്കുകയും നിലവിലുള്ള ചുറ്റുമതിൽ മെയിൻറനൻസ് നടത്തുകയും ചെയ്യുക. | MLA / LSGD | 5 ലക്ഷം | | |

| ക്രമനമ്പർ | മേഖല | നിലവിലുള്ള അവസ്ഥ/ പോരായ്മ/ മികവ് | പോരായ്മ പരിഹരിക്കാൻ കണ്ടെത്തിയ പ്രവർത്തനങ്ങൾ | പിന്തുണ / സംവിധാനം | സാമ്പത്തിക / മാനുഷിക വിഭവം | ചുമതല | സമയം |
|---|---|---|---|---|---|---|---|
| 5 | ഗേറ്റ് നവീകരണം. | നിലവിലുള്ള ഗേറ്റ് ചെറുതാണ്. | നിലവിലുള്ള ഗേറ്റ് വലുതാക്കി പടിപ്പുര നിർമിക്കുക സൈൻബോർഡ് സ്ഥാപിക്കുക. | LSGD /MLA | 5 ലക്ഷം | | |
| 6 | പെയിൻറിംഗ് | | സ്കൂളിലെ മുഴുവൻ ബിൽഡിങ്ങും പെയിൻറ് ചെയ്തു ഭംഗിയാക്കുക. | MLA/ LSGD | 7 ലക്ഷം | | |
| 7 | ഫർണിച്ചർ | | ക്ലാസ് മുറികളിലേക്ക് 25 ഡെസ്ക്, 25 ബെഞ്ച്, മൂന്ന് മേശ, ഓരോ ക്ലാസിനും അലമാരകൾ (25 എണ്ണം ) | LSGD | 250000 | | |
| 8 | ക്ലാസ് റൂം ലൈബ്രറി | | ഓരോ ക്ലാസിലും പ്രത്യേകമായ ലൈബ്രറി അതിനാവശ്യമായ ഫർണിച്ചറുകൾ ഒരിക്കൽ. | MLA / LSGD | 250000 | | |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ്, അറബി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക
4. ഗണിതശേഷികൾ കൈവരിച്ച് പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള ശേഷി നേടുക
5. അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കുക
6. ശുചിത്വബോധവും ആരോഗ്യശീലവും വളർത്തുക
7. വിദ്യാലയ പ്രവർത്തനങ്ങളെ സമൂഹവുമായി ബന്ധിപ്പിക്കുക
8. അച്ചടക്കത്തിലും കൃത്യനിഷ്ഠയിലും  വളർന്നു വരുന്നതിനുള്ള പരിശീലനം
9. മതനിരപേക്ഷ, ജനാധിപത്യ സംസ്കാരം എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ മൂല്യബോധം സൃഷ്ടിക്കുക സ്വന്തം കഴിവുകളെ കണ്ടെത്താനും വികസിപ്പിക്കാനുമുള്ള അവസരം ഒരുക്കുക.

## കാഴ്ച്ചപ്പാടുകൾ

1. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും അവസരതുല്യത ഉറപ്പുവരുത്തും.
2. കുട്ടികളുടെ പ്രകൃതിക്കും താല്പര്യത്തിനും ഇണങ്ങുന്ന ശിശു സൗഹൃദ വിദ്യാലയം ഒരുക്കും.
3. കലാകായിക പ്രവർത്തി പരിചയ വിഷയങ്ങളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രത്യേക പരിശീലനം നൽകും.
4. കാർഷിക സംസ്കാരം വളർത്തുന്നതിന്റെ ഭാഗമായി ജൈവകൃഷി പ്രോത്സാഹിപ്പിക്കും.
5. സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകത്തിൻറെ ഉപയോഗം ഫലപ്രദമാക്കും.
6. ശാസ്ത്രം ഗണിതം ഇവയിലുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനായി ലാബുകൾ സ്ഥാപിക്കും.
7. പഠനബോധന പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്ന ഭാഗമായി എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കണം

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# മലയാളം

**LP വിഭാഗം**

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | വിജയസ്പർശം<br><br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • പ്രീ ടെസ്റ്റ്<br>• ഭാഷണം<br>• അക്ഷരം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>• ചിത്രം - പദനിർമ്മാണം<br>• ചിത്രം - കഥപറയൽ<br>• ചിത്രം - കഥ പൂർത്തീകരിക്കൽ | 6 മാസം | ക്ലാസ്സ് ടീച്ചർ | പി.ടി.എ,<br><br>എസ്. ആർ.ജി |
| 2 | വായിച്ചു വളരാം<br><br>വായനോത്സവം | • ഓരോ കുട്ടിയും വായിച്ച കഥകൾ അവതരിപ്പിക്കൽ.<br>• അമ്മ വായന<br>• ക്ലാസ് ലൈബ്രറി ശാക്തീകരണം.<br>• വായനാ മൂല ഒരുക്കൽ.<br>• ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടികൾക്ക് സമ്മാനം നൽകൽ.<br>• ഏറ്റവും മികച്ച അമ്മ വായനക്കാരെ കണ്ടെത്തി സമ്മാനം നൽകൽ. | 1 വർഷം | ക്ലാസ്സ് ടീച്ചർ | CPTA |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 3 | ലേഖനം | • സംയുക്ത ഡയറി<br>• സാങ്കൽപ്പിക ഡയറി<br>• ചിത്രകഥകൾ എഴുതൽ<br>• കഥയുടെ ബാക്കി പൂർത്തീകരിക്കൽ.<br>• കൂട്ടെഴുത്ത് പത്രം തയ്യാറാക്കൽ.<br>• പതിപ്പുകൾ .<br>• കയ്യെഴുത്ത് മാഗസിൻ.<br>• നാടൻ പാട്ട് ശില്പശാല .<br>• പഠനോപകരണ ശില്പശാല .<br>• പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ. | 1 വർഷം | ക്ലാസ്സ് ടീച്ചർ | SRG<br>CPTA |
| 4 | കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രസിദ്ധീകരിക്കൽ | പഠനോത്സവത്തിന് മുന്നോടിയായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രസിദ്ധീകരിച്ച് സാമൂഹ്യ മാധ്യമത്തിൽ അവതരിപ്പിക്കൽ | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | SRG<br>CPTA |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# അറബിക്

**LP വിഭാഗം**

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമയുള്ള അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഏററവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഭാഷാ പഠനം. ഭാഷകളിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിക്.

## ലക്ഷ്യങ്ങൾ

- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടി കളിലും ഉറപ്പ് വരുത്തുക.
- വായന, എഴുത്ത്, സംസാരം എന്നിവയിലൂടെ ഭാഷാ ശേഷി വർദ്ധിപ്പിക്കുന്ന തിനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ സൃഷ്ടിക്കുക.
- ഭാഷാ പഠനത്തിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാ നുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- ഭാഷാ പഠനത്തിലൂടെ കുട്ടികളുടെ സർഗ ശേഷി ഉയർത്തുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠന ത്തിലൂടെ ഉറപ്പുവരുത്തുക.

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | അറബി ഭാഷ യിൽ പിന്നോ ക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ട്വരിക. | പ്രീ ടെസ്റ്റ് നടത്തി പി ന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തു ന്നു. അക്ഷരങ്ങൾ തിരിച്ചറി യാൻ പ്രയാസം അനുഭ വപ്പെടുന്ന കുട്ടികൾക്ക് പ്രത്യേകം തയ്യാറാ ക്കിയ അക്ഷരകാർഡു കൾ നൽകുന്നു. കമ്പ്യൂട്ടറിന്റെ സഹ ത്തോടെ അക്ഷര ഗെയ് മുകൾ, നിറം നൽകൽ തുടങ്ങിയവയിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കു ന്നു. അക്ഷരങ്ങൾ കൂട്ടി ച്ചേർത്ത് വാക്കുകളു ണ്ടാക്കാൻ അക്ഷര കാർഡുകളും ,അക്ഷര ഗയിമുകളും കുട്ടി ഉപ യോഗിക്കുന്നു. | 3 മാസം | ക്ലാസ്സ് ടീച്ചർ | പി.ടി.എ, എസ്. ആർ.ജി |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 2 | (ഒരാഴ്ച്ച അഞ്ച് വാക്ക്) കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കുക. | ആഴ്ച്ചയിൽ 5 പദങ്ങളും അതിന്റെ പ്രയോഗങ്ങളും കുട്ടി പഠിക്കുന്നു. കുട്ടികൾ ആർജിച്ച പദസമ്പത്ത് വിലയിരുത്താനായി 1 , 2 ക്ലാസ്സിലെ കുട്ടികൾക്ക് പദനിർമ്മാണ മത്സരവും 3 , 4 ക്ലാസ്സിലെ കുട്ടികൾക്ക് പദപ്പയററ് , പദകേളി മത്സരങ്ങളും നടത്തി സമ്മാനം നൽകുകയും ചെയ്യുന്നു. | 6 മാസം | അറബിക് ടീച്ചർ | പി.ടി.എ, എസ്. ആർ.ജി |
| 3 | (വായനയുടെ ലോകത്തേക്ക്) കുട്ടിയെ നല്ല വായനക്കാരനാക്കുക. | കുട്ടികൾ അറബിയിലുള്ള ചിത്രകഥകൾ, ചെറുകഥകൾ, കുട്ടിക്കവിതകൾ, ലഘുവിവരണങ്ങൾ തുടങ്ങിയവ വായിക്കുന്നു. ഇതിനായി ക്ലാസ്സ് ലൈബ്രറി ,സ്കൂൾ ലൈബ്രറി , വായനാ മൂല എന്നിവടങ്ങളിൽ അറബി പുസ്തകങ്ങൾ, മാഗസിനുകൾ, പത്രങ്ങൾ എന്നിവ ലഭ്യമാക്കും വായനാ ശേഷി വിലയിരുത്തുന്നതിനായി വായനാ മത്സരം , വായനാക്കുറിപ്പ് മത്സരം തുടങ്ങിയവ സംഘടിപ്പിക്കും. | 1 വർഷം | അറബിക് ടീച്ചർ | |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 4 | (എഴുത്തിന്റെ ലോകത്തേക്ക്)<br><br>അറബി ഭാഷയുടെ തനതായ എഴുത്ത് രൂപവും ശൈലിയും കുട്ടികൾ ആർജ്ജിക്കുക.<br>ലഘു വിവരണം കഥാപൂരണം കവിതാ പൂരണം വർണ്ണന എന്നിവയിൽ കുട്ടികൾ കഴിവുള്ളവരാകുക. | വർക്ക് ഷീററ് തയ്യാറാക്കി കുട്ടികളഎ കൊണ്ട് പ്രവർത്തനം ചെയ്യിക്കുക<br>കംപ്യൂട്ടറിന്റെ സഹായത്തോടെ എഴുത്തിന്റെ ശരിയായ രൂപം കുട്ടികൾക്ക് പരിചയപ്പെടുത്തുക.<br>കയ്യെഴുത്ത് മാഗസിൻ ചുമർ പത്രിക, വായനാകുറിപ്പുകളുടെ പതിപ്പ് എന്നിവ തയ്യാറാക്കുക.<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കുക.<br>കയ്യെഴുത്ത്, കഥാ പൂരണം ,കവിതാ പൂരണം എന്നിവയുടെ മത്സരം നടത്തുക | 1 വർഷം | അറബിക് ടീച്ചർ | പി.ടി.എ,<br><br>എസ്.ആർ.ജി |
| 5 | (കണ്ടും കേട്ടും പഠിക്കുക)<br><br>അറബി ഭാഷാ പ്രയോഗങ്ങൾ കണ്ടും കേട്ടും ആസ്വദിച്ച് പഠിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുക. | മികച്ച അറബി കഥകളും പാട്ടുകളും ഷോർട് ഫിലിമുകളും ,ന്യൂസ് പ്രോഗ്രാമുകളും കുട്ടികൾ കാണുന്നു. | 2 വർഷം | അറബിക് ടീച്ചർ | |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 6 | (അറബിക് കമ്മ്യൂണിക്കേഷൻ)<br><br>അറബി ഭാഷ സംസാരിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | അറബി ക്ലാസ്സുകളിൽ അറബിയിൽ തന്നെ ആശയവിനിമയം നടത്തുക.<br>മാസത്തിൽ ഒരു അറബി അസംബ്ലി പ്രാർഥന, പ്രതിജ്ഞ ലഘു പ്രസംഗങ്ങൾ എന്നിവ അറബിയിൽ നടത്താൻ പരിശീലിപ്പിക്കുക.<br>ബാല സഭ , സ്കൂൾ വാർഷികം പോലുള്ളവയിൽ അറബി മോണോ ആക്ട് ,ചിത്രീകരണം എന്നിവ നടത്തുക. | 6 മാസം | അറബിക് ടീച്ചർ | പി.ടി.എ,<br><br>എസ്.<br>ആർ.ജി |
| 7 | (സർഗ മികവിന്റെ വഴിയിൽ)<br><br>കുട്ടികളിൽ സർഗശേഷി വളർത്തി കൊണ്ട് വരിക കലാ സാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | ബാലസഭകളിൽ അറബി ഗാനം, സംഘഗാനം, ആംഗ്യപ്പാട്ട്, പദ്യം ചൊല്ലൽ,കഥ പറയൽ എന്നിവയിൽ പങ്കെടുക്കാനായി കുട്ടികളെ പ്രാപ്തരാക്കുക<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം, ക്വിസ്സ് മത്സരം, പ്ലക്കാർഡ് നിർമ്മാണം തുടങ്ങിയവ നടത്തുക.<br><br>സ്കൂൾ വാർഷികത്തിൽ അറബി മോണോ ആക്ട് ,ചിത്രീകരണം എന്നിവ പരിശീലിപ്പിച്ച് നടത്തുക.<br>അറബിക് ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കുക | 1 വർഷം | അറബിക് ടീച്ചർ | |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# ENGLISH

**LP വിഭാഗം**

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷ ശ്രദ്ധിച്ച് ആശയം സ്വാംശീകരിക്കുക . | • ലഘു സംഭാഷണങ്ങളും, ലഘു കഥകളും കേൾക്കുവാനുള്ള അവസരം ഒരുക്കുന്നു.<br>• അധ്യാപകരുടെ ആശയ ഗ്രഹണ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അവസരം നൽകുന്നു. | June- July | English Teachers Parents | ICT Story Books |
| 2 | ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | • കുട്ടികൾക്ക് പരിചിതമായ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ നിർമ്മിക്കുന്നു. ( School, Home, Play Ground, Suroundings........etc<br>• പദചാർട്ടുകൾ ഉപയോഗിച്ച് കുട്ടികളെ വാക്കുകൾ വായിക്കുന്നതിനും എഴുതുന്നതിനും പര്യാപ്തമാക്കുന്നു.<br>• അനുബന്ധ പ്രവർത്തനമായി ഫ്ലാഷ് കാർഡ് ലെറ്റർ കാർഡ് എന്നിവ ഉപയോഗിക്കുന്നു. | August September |  | ICT Charts Cards |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | | • മൂർത്തങ്ങളായ വസ്തുക്കൾ ഉപയോഗിച്ച് കുട്ടികളെ കൊണ്ട് വാക്കുകൾ പറയിപ്പിക്കുന്നു. (Flowers, Vegeta-bles, Fruits ....... Ete<br>• പദസൂര്യൻ തയ്യാറാക്കൽ.<br>• സ്കൂൾ ഗാർഡൻ - ചെടികളിൽ പേരെഴുതി വെക്കൽ. | | | |
| 3 | ഇംഗ്ലീഷ് സ്വായത്തമാക്കാൻ സ്കൂൾ അന്തരീക്ഷം ഒരുക്കൽ. | • സ്കൂളിലെ നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ ആക്കൽ.<br>• നോട്ടീസുകൾ ഇംഗ്ലീഷിൽ തയ്യാറാക്കൽ.<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഇംഗ്ലീഷ് വാർത്താ വായന<br>• സ്കൂളിൽ ഇംഗ്ലീഷ് ഡേ ആചരിക്കൽ<br>• ക്ലാസ് റൂമിൽ ഇംഗ്ലീഷ് ആശയവിനിമയം വർധിപ്പിക്കൽ. | വർഷം മുഴുവൻ | | Notice<br>News Paper<br>ICT |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 4 | കുട്ടികൾക്ക് ആകർഷകമായ ഇംഗ്ലീഷ് അന്തരീക്ഷം ഒരിക്കൽ. | • ഇംഗ്ലീഷ് ചുമർപത്രിക<br>• ഇംഗ്ലീഷ് അനൗൺസ്മെൻറ്<br>• ഇംഗ്ലീഷ് കാർട്ടൂൺ | | | ചുമർ ചിത്രങ്ങൾ മൈക്ക് സ്പീക്കർ |
| 5 | ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും പ്രാപ്തമാക്കൽ. | • I C T സാധ്യത ഉപയോഗിക്കുന്നു<br>• ചിത്ര വായനയിലൂടെ വിവരങ്ങൾ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുന്നതിനുള്ള പ്രവർത്തനം നൽകുന്നു.<br>• റീഡിങ് മെറ്റീരിയൽസ് നൽകുന്നു.<br>• വിവിധതരം ഭാഷാ കളികൾ നടത്തുന്നു. | Deceber January | | ICT Charts Cards |

# ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# പരിസരപഠനം

**LP വിഭാഗം**

## ലക്ഷ്യങ്ങൾ

- പ്രകൃതിയെ അടുത്തറിയാൻ അവസരം നൽകുക.
- ചുററുപാടുള്ള മരങ്ങൾ സംരക്ഷിക്കൽ.
- ഔഷധ സസ്യങ്ങളേയും അതിന്റെ ഗുണങ്ങളേയും മനസിലാക്കുക.
- സാമൂഹ്യ ശാസ്ത്ര അിറവുകൾ വികസിപ്പിക്കുക.

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ജൈവ വൈവിധ്യ പാർക്ക് | സ്കൂൾ പരിസരം ഹരിതാഭമാക്കുന്നതിനും ജൈവ വൈവിധ്യ പാർക്ക് വിശാലമാക്കുന്നതിനുമുള്ള പ്രവർത്തങ്ങൾ . പലതരം വിത്തുകൾ ശേഖരിച്ച് കുട്ടികൾക്ക് നൽകുന്നു. ജന്മ ദിനം, വിശേഷ അവസരങ്ങളിൽ കുട്ടികൾ കൊ ്വരുന്ന തൈകൾ ശേഖരിച്ച് ജൈവ വൈവിധ്യ പാർക്കിൽ നടുന്നു. | 1 വർഷം | | |
| 2 | ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ നടത്തുന്നു. | | | |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 3 | പരിസ്ഥിതി ക്ലബ്ബ | പപരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കുന്നു. പരിസ്ഥിതി യുമായി ബന്ധപ്പട്ട ദിനങ്ങൾ ആചരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനുള്ള എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. | 1 വർഷം | | |
| 4 | ബുള്ളററിൻ ബോർഡ് | വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും കാണത്തക്കവിധം ഒരിടത്ത് ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തിദിവസവും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ | |
| 5 | ഹരിത സേനാ രൂപീകരണം | പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹരിത സേന രൂപീകരിക്കുന്നു. സ്കൂൾ പ്ലാസ്റ്റിക് വിമുക്ത മാക്കനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നു. | | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ | |
| 6 | പഠനയാത്ര | പാഠ്യ പാഠ്യേതര പ്രവർത്തനങ്ങക്ക് ഉപയുക്തമയ പഠന യത്ര സംഘടിപ്പിക്കൽ | | | |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 7 | മാഗസിൻ നിർമ്മാണം | നമ്മുടെ ചുററുപാടുമുള്ള മരങ്ങൾ, ചെടികൾ, കിളികൾ ചിത്രശലഭങ്ങൾ തുടങ്ങിയവയെ കുറിച്ച് കഥകൾ ,ചിത്രങ്ങൾ, കവിതകൾ, ലേഖനങ്ങൾ | | | |
| 8 | ജലസംരക്ഷണം | നിലവിലുള്ള ജലത്തിന്റെ ദുർവിനിയോഗം തടയുന്നതിനായി ഉച്ചക്ക് കൈകളും പാത്രങ്ങളും കഴുകുന്നതിനായി ബക്കററുകളിൽ വെള്ളം പിടിച്ച് നൽകുകകയും കഴുകുന്ന ജലം ചെടികൾക്ക് ലഭ്യമാകക്കത്തെക്ക വിധത്തിലുള്ള സംവിധാനം ചെയ്യുകയും ചെയ്യുന്നു. | | | |
| 9 | മേളകൾ | സ്കൂൾ, സബ് ജില്ലാ തല ശാസ്ത്ര മേളകളിൽ കുട്ടികളുടെ പങ്കാളിത്തം പരമവധി ഉറപ്പാക്കൽ | | | |
| 10 | സ്കൂൾ പാർലമെൻറ് ഇലക്ഷൻ | സ്കൂൾ പാർലമെൻറ് ഇലക്ഷൻ- യഥാർത്ഥ ഇലക്ഷൻ ഘട്ടങ്ങളിലൂടെ നടത്തുന്നു. | | | |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതം

**LP വിഭാഗം**

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ഗണിത വിജയം) | ♦ പ്രീടെസ്റ്റ്<br>♦ സഖ്യാ ബോധം<br>♦ മനക്കണക്ക്<br>♦ പാറ്റേൺ<br>♦ ഗണിത കളികൾ<br>♦ ഗണിത പാട്ടുകൾ<br>♦ കുസൃതി കണക്കുകൾ<br>♦ പസിലുകൾ<br>♦ ചതുഷ്ക്രിയകൾ<br>♦ പ്രശ്നാപഗ്രഥനം | ഒരു വർഷം | അധ്യാപകർ | |
| 2 | ഗണിത ലാബ്<br><br>ഗണിത ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | ♦ അളവു പാത്രങ്ങൾ<br>♦ ത്രാസ്<br>♦ അബാക്കസ്<br>♦ ജീവചരിത്ര പുസ്തകങ്ങൾ<br>♦ ഐസിടി ഉപകരണങ്ങൾ<br>♦ ക്ലോക്ക്<br>♦ വെയ്ൻ മെഷീൻ<br>♦ ഗണിത ചിഹ്നങ്ങളും അക്കങ്ങളും അടങ്ങിയ മാന്ത്രിക ചുമർ. | 1 വർഷം | | ലാബിന് ആവശ്യമായ സ്ഥലം<br><br>വസ്തുക്കൾ സൂക്ഷിക്കാനുള്ള അലമാരകൾ |
| 3 | ഗണിത ക്ലബ്ബ് | ♦ ബുള്ളറ്റിൻ ബോർഡ്<br>♦ പ്രമുഖരുടെ സാന്നിധ്യം<br>♦ ഗണിത ക്വിസ്<br>♦ ഗണിത മാഗസിനുകൾ<br>♦ മെട്രിക് മേള | ഒരു വർഷം | | |

| Sl. No | Programme | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 4 | വർക്ക്ഷോപ്പുകൾ | ♦ വാർഷിക ഗണിത പ്രദർശനം<br>♦ ഫസൽകാർഡ്<br>♦ രൂപങ്ങൾ നിർമ്മിക്കൽ | ഒരു വർഷം | അധ്യാപകർ | |
| 5 | ഗണിത സൗഹൃദ സ്കൂൾ അന്തരീക്ഷം | ♦ ക്ലാസ് റൂം ചുമരുകളിൽ ഗണിത ചിത്രങ്ങൾ വരക്കൽ<br>♦ കുട്ടികളുടെ ഉയരം കണക്കാക്കാനുള്ള സ്കെയിൽ ചുമരിൽ വരക്കൽ<br>♦ ക്ലാസ് റൂം ഗണിത മൂലകൾ<br>♦ സ്കൂൾ മതിലുകൾ ജലസ്രോതസ്സുകൾ എന്നിവ ഗണിത സൗഹൃദമാക്കൽ. | | | |
| 6 | ദിനാചരണങ്ങൾ | ഗണിത ശാസ്ത്രജ്ഞരുടെ ജന്മദിനങ്ങൾ | ഒരു വർഷം | | |

**ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്**

അക്കാദമിക മാസ്റ്റർ പ്ലാൻ

# സോഷ്യൽ സ്റ്റഡീസ്

**UP വിഭാഗം**

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ . | Pre Test സാമൂഹ്യശാസ്ത്ര വുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്ന തിന് പ്രഹേളികൾ ഓരോ പഠിതാവിന് നൽകുന്നു. (Outline maps of states/ Country/ World) | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, SMC |
| 2 | സാമൂഹ്യശാസ്ത്ര ത്തിൽ ചരിത്ര പഠനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന തിനും, ചരിത്ര വസ്തുതകൾ സ്മാരകങ്ങൾ എന്നിവയുടെ മൂല്യം, സംരക്ഷണം എന്നിവ തിരിച്ചറിയുന്ന തിനും. | സ്കൂളിൽ ഒരു ചരിത്രം മ്യൂസിയം സ്ഥാപിക്കൽ. ചരിത്രസ്മാരകങ്ങ ൾ സന്ദർശിക്കൽ. പ്രാദേശിക ചരിത്രരചന. | 2 -5 Years അക്കാദമി ക് Year | HM സബ്ജക്ട് ടീച്ചർ, SRG കൺവീനർ | PTA, SMC പൊതുജന പങ്കാളിത്തം |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 3 | പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സ്കൂളുകളിൽ സംഘടിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ - ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര ടീച്ചർ<br><br>SRG കൺവീനർ | PTA, SMC |
| 4 | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, വനംവകുപ്പ് സഹകരണത്തോടെ ആവാസവ്യവസ്ഥയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | ഡിസംബർ - ജനുവരി | സാമൂഹ്യശാസ്ത്ര ടീച്ചർ | PTA, SMC |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 5 | സമകാലിക അറിവുകൾ ഉയർത്തി അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | പത്രവായന, പത്ര ക്വിസ് , ഉപന്യാസരചന. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ടീച്ചർ | |
| 6 | ജനാധിപത്യത്തിന്റെ മേന്മകൾ മനസ്സിലാക്കുകയും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം മനസ്സിലാക്കുകയും ചെയ്യുക. | മോക്ക് ഗ്രാമസഭ നടത്തുക ഗ്രാമസഭാ മീറ്റിംഗുകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ടീച്ചർ | PTA, SMC |
| 7 | ഭരണഘടനയുടെ പ്രാധാന്യം തിരിച്ചറിയുക, ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ തിരിച്ചറിയുക. | അഭിഭാഷകരുമായി അഭിമുഖം സംഘടിപ്പിക്കുക. നിയമ ബോധവൽക്കരണ ക്ലാസ് | അക്കാദമിക വർഷം | HM സബ്ജക്ട് ടീച്ചർ, SRG കൺവീനർ | PTA, SMC |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 8 | ജനാധിപത്യ പ്രക്രിയയിൽ ഇലക്ഷന്റെ പ്രാധാന്യം തിരിച്ചറിയുക. | സ്കൂൾ പാർലമെൻറ് ഇലക്ഷൻ- യഥാർത്ഥ ഇലക്ഷൻ ഘട്ടങ്ങളിലൂടെ നടത്തുന്നു. Mock Parliament Meeting | ജൂലൈ | PSITC, സാമൂഹ്യശാസ്ത്ര ടീച്ചർ | P T A , SMC |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതം

**UP വിഭാഗം**

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും സംഖ്യാബോധം വളർത്തുന്നു. | ♦ ഗണിത കളികൾ<br>♦ സംഖ്യാ ഗാനങ്ങൾ<br>♦ സംഖ്യാ കാർഡുകൾ<br>♦ അബാക്കസിൽ സംഖ്യാ രൂപീകരണം, വായന<br>♦ അക്ഷരത്തിലും അക്കത്തിലും എഴുതൽ<br>♦ സംഖ്യാ വ്യാഖ്യാനം<br>♦ സംഖ്യാ ചങ്ങല<br>♦ കയറാം ഇറങ്ങാം<br>♦ (ആരോഹണക്രമം അവരോഹണക്രമം) | ജൂൺ - ജൂലൈ | | |
| 2 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ♦ സംഖ്യ മാല<br>♦ ഗണിത കളികൾ<br>♦ മാന്ത്രിക ചതുര നിർമ്മാണം<br>♦ വർക്ക് ഷീറ്റുകൾ<br>♦ പസിലുകൾ<br>♦ സംഖ്യ ചാർട്ട് നിർമ്മാണം<br>♦ ഫ്ലാഷ് കാർഡുകൾ<br>♦ മനക്കണക്കുകൾ | ജൂലൈ - ആഗസ്റ്റ്<br><br>സെപ്റ്റംബർ | | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 3 | ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിനും സൗന്ദര്യം ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു. | ♦ ഗണിത ശിൽപ്പശാല<br>♦ പ്രകൃതിയിലെ ജാമിതീയ രൂപങ്ങളെ തിരിച്ചറിയൽ<br>♦ ജാമിതീയ ചാർട്ടുകളുടെ നിർമാണം<br>♦ ഘനരൂപങ്ങളുടെ നിർമ്മാണം<br>♦ പഠനോപകരണങ്ങളുടെ നിർമ്മാണം<br>♦ ഗണിത മാഗസിൻ | ആഗസ്റ്റ് - സെപ്റ്റംബർ | | |
| 4 | ഭിന്നസംഖ്യകൾ ദശാംശ സംഖ്യകൾ ഇവ പരിചയപ്പെടുത്തുന്നു. ഗണിതത്തിൽ ഇവയ്ക്കുള്ള സ്ഥാനം ബോധ്യപ്പെടുത്തുന്നു. ക്രിയാശേഷി വളർത്തുന്നു. | ♦ വൃത്തത്തെ ഭാഗങ്ങളാക്കൽ<br>♦ ഷെയ്ഡ് ചെയ്യൽ<br>♦ ഫ്രാക്ഷൻ ഡിസ്കുകളുടെ നിർമ്മാണം<br>♦ പേപ്പർ സ്ട്രിപ്പുകൾ ഉപയോഗിച്ച് ഭിന്നസംഖ്യകളുടെ താരതമ്യം<br>♦ ചിത്ര സഹായത്തോടെ ഭിന്നസംഖ്യകളുടെ കൂട്ടലും കുറക്കലും<br>♦ വർക്ക് ഷീറ്റുകൾ | ഒക്ടോബർ- - - ജനവരി | | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | | ♦ വർക്ക് ഷീറ്റുകൾ<br>♦ ഭിന്നങ്ങളും ദശാംശങ്ങളും ഉൾപ്പെടുന്ന ഗണിത കളികൾ<br>♦ സ്ഥാന വില പോക്കറ്റ് നിർമ്മാണം<br>♦ ദശാംശങ്ങളുടെ ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ | | | |
| 5 | കുട്ടികളിൽ ഗണിത താൽപര്യം വളർത്തുന്നു. | ♦ ഗണിത ശിൽപ്പശാല<br>♦ ഗണിത ക്വിസ്<br>♦ ICT ഉപയോഗപ്പെടുത്തുന്നു<br>♦ ഗണിത ലാബ്<br>♦ ഗണിത കളികൾ | ആഗസ്റ്റ് - മാർച്ച് | | |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# ഹിന്ദി

**UP വിഭാഗം**

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്ന തിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കുന്നു, ചിത്രങ്ങൾ കാണിച്ചു പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ | |
| 2 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരമെഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷരക്കാർഡ് വാക്കുകൾ എഴുതിയ കാർഡ് ക്ലാസിൽ അക്ഷരമാല പ്രദർശനം ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകൾ നിർമ്മിക്കൽ. | ജൂലൈ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 3 | വീട് ഒരു പരീക്ഷണശാല. (കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പറയുക.) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ – ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| 4 | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതാനുള്ള അവസരം . വർക്ക് ഷീറ്റുകൾ നൽകുന്നു | ഒകടോബർ – നവംബർ | ഹിന്ദി അധ്യാപകർ | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 5 | ഹിന്ദി എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്ര കഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | ഡിസംബർ – ജനുവരി | ഹിന്ദി അധ്യാപകർ | |
| 6 | പോസ്റ്റർ തയ്യാറാക്കൽ, കവിത വായിച്ച് ആശയം എഴുതാൻ തയ്യാറാക്കുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ചു മൂല്യനിർണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആശയം ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു. | ജനുവരി – മാർച്ച് | ഹിന്ദി അധ്യാപകർ | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 7 | സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10 ) ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ. ചിത്രം കഥ എഴുതൽ, കവിതാരചന, ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ, ആക്ഷൻ സോങ്ങ്സ്. | ജൂൺ – മാർച്ച് | ഹിന്ദി അധ്യാപകർ | |
| | | | | | |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# മലയാളം

**UP വിഭാഗം**

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | പാഠഭാഗങ്ങൾക്കുള്ള വിശദമായ തയ്യാറെടുപ്പ്.<br><br>വായന - അഭിരുചി വളർത്തൽ<br><br>അക്ഷര അറിവ് | ♦ വായനാദിനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളിൽ ഏർപ്പെടൽ<br>♦ ചാർട്ട് നിർമാണം<br>♦ ടിഎൽഎം തയ്യാറാക്കൽ<br>♦ വായനാമത്സരം<br>♦ സാഹിത്യം - കവിതകളിലൂടെയും കഥകളിലൂടെയും | ജൂൺ | | BRC<br><br>PTA<br><br>ക്ലാസ് ലൈബ്രറി |
| 2 | പ്രശസ്ത എഴുത്തുകാരുടെ കൃതികൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ | ♦ ബഷീർ ദിനാചരണത്തോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ<br><br>♦ ബഷീറിനെ അറിയൽ<br>♦ കൃതികളുടെ പ്രകാശനം<br>♦ കഥ<br>♦ കവിതകൾ<br>♦ കുട്ടി പതിപ്പുകൾ<br>♦ ബഷീർ അനുസ്മരണം | ജൂലൈ | | ക്ലാസ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 3 | കൃഷിയോടു ള്ള താല്പര്യം വളർത്തൽ<br><br>വിവിധ ആഘോഷങ്ങ ൾ പരിചയപ്പെടൽ | ♦ കൃഷിപാഠം<br>♦ കൃഷിയെ അടുത്തറിയൽ<br>♦ ഓണത്തെക്കുറി ച്ച് ഓണപ്പതിപ്പ്<br>♦ സ്വാതന്ത്ര്യ ക്വിസ്<br>♦ സ്വാതന്ത്ര്യസമര നായകർ പരിചയപ്പെടൽ | ആഗസ്റ്റ് | | കർഷകർ<br><br>മുതിർന്ന കർഷകരു ടെ അനുഭവ ങ്ങളിലൂ ടെ |
| 4 | പഠന വൈകല്യ പരിചരണം<br><br>-<br>മലയാളത്തില ക്കം - പിന്നോക്കം നിൽക്കുന്നവ രെ മുന്നോട്ടു നയിക്കൽ | ♦ പതിപ്പ് നിർമ്മാണം<br>♦ അധ്യാപക ദിനം - അധ്യാപകർ അവരുടെ അനുഭവം പങ്കുവെക്കൽ<br>♦ ലോകസാക്ഷര താ ദിനം - അതിന്റെ പ്രത്യേകതയും സവിശേഷത യും ചർച്ച ചെയ്യൽ | സെപ്റ്റംബ ർ | | ഐ ഇ ഡി സി അധ്യാപ കരുടെ സേവനം. |
| 5 | വായനാ ശേഷി വളർത്തൽ കുട്ടികളെ മികച്ച വായനക്കാരാ ക്കുക | ♦ ആസ്വാദനക്കുറി പ്പ് മത്സരം<br>♦ സാഹിത്യ ചർച്ചകൾ<br>♦ സാഹിത്യാനുസ്മ രണങ്ങൾ<br>♦ ഉപന്യാസ രചനകൾ | ഒക്ടോബർ | | PTA വായനമു റി വായനശാ ല |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 6 | മലയാളത്തെ നന്നായി ആഴത്തിൽ അറിയൽ | ♦ കേരളപ്പിറവി ദിനാഘോഷം<br>♦ കേരളീയം പതിപ്പ്<br>♦ കേരളം - കവിതകളിലൂടെയും കഥകളിലൂടെയും<br>♦ കേരള ക്വിസ് | നവംബർ | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
| 7 | മലയാള സാഹിത്യത്തിലെയും മറ്റും പ്രശസ്തരെ അറിയൽ | ♦ ജീവചരിത്രം<br>♦ പതിപ്പുകൾ<br>♦ മലയാളം ശില്പശാല | ഡിസംബർ | | വായനശാല |
| 8 | ലൈബ്രറികളുടെ പ്രാധാന്യം തിരിച്ചറിയൽ വായനയിലൂടെ അറിവ് വർദ്ധിപ്പിക്കൽ വായനയിലുള്ള അപാകതകൾ പരിഹരിക്കൽ | ♦ വായന വൈകല്യങ്ങൾ തിരിച്ചറിയൽ<br>♦ പഠനയാത്രാവിവരണങ്ങൾ<br>♦ ക്ലാസ് ലൈബ്രറി പുതുക്കൽ<br>♦ അതിന് അനുയോജ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജനുവരി | | സ്കൂൾ ലൈബ്രറി<br><br>പുസ്തകങ്ങൾ |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 9 | എഴുത്തിൽ കൂടുതൽ പ്രാവീണ്യം നൽകൽ | എഴുത്തറിവ് കഥാ കവിതാ രചന സമാഹരണം പോസ്റ്റർ നിർമ്മാണം | ഫെബ്രുവരി | | BRC |
| 10 | മുന്നറിവിലൂടെ ഒരു സമഗ്രമായ തിരിഞ്ഞു നോക്കൽ - പല പ്രവർത്തനങ്ങളിലൂടെ<br><br>പത്രനിർമ്മാണം എങ്ങനെ? | ♦ പതിപ്പ് പ്രദർശനം<br>♦ പത്ര നിർമ്മാണം<br>♦ പത്രപ്രദർശനം<br>♦ മികച്ച കുട്ടിയെ ആദരിക്കൽ<br>♦ ക്ലാസ് ടെസ്റ്റ് | മാർച്ച് | | വിവിധ പത്രങ്ങൾ |

## ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്

അക്കാദമിക മാസ്റ്റർ പ്ലാൻ

# അറബിക്

**UP വിഭാഗം**

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. പരസ്പര സാദൃശ്യമുള്ള അക്ഷരങ്ങളുടെ ഉച്ചാരണവും എഴുത്തും വേർതിരിച്ച് മനസ്സിലാക്കുക. | • പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ മനസ്സിലാക്കാൻ പ്രയാസമുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക അക്ഷരക്കാടുകൾ തയ്യാറാക്കുന്നു.<br>• സ്മാർട്ട് ക്ലാസ് റൂമുകൾ ഉപയോഗിച്ച് ഭാഷാ പഠനത്തിന് ഉപകാരപ്പെടുന്ന ഗെയിമുകൾ ഫ്ലാഷ് കാർഡുകൾ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. | 3 മാസം | | |
| 2 | അറബി ഭാഷ ശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് വർദ്ധിപ്പിക്കുക | ലഘു സംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിൽ അവതരിപ്പിക്കൽ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | | • പാഠഭാഗങ്ങളിലെ വാക്കുകൾക്ക് പുറമേ ആഴ്ചയിൽ പുതിയ അഞ്ച് പദങ്ങൾ കഥ കവിത പുസ്തകങ്ങൾ നൽകി അതിൽ നിന്ന് കണ്ടെത്തുന്നു.<br>• മാസത്തിലൊരിക്കൽ ഈ പദങ്ങൾ ഉപയോഗിച്ച് പദകേളി, പദനിർമ്മാണം, പതപ്പയറ്റ് പോലെയുള്ള മത്സരങ്ങൾ നടത്തുന്നു. | | | |
| 3 | അറബിക് ഭാഷയിൽ കുട്ടികൾക്ക് IT മേഖലയിൽ കൂടുതൽ കഴിവ് വളർത്തുക | • അറബിക് ടൈപ്പിംഗ് പരിശീലനം.<br>• അക്ഷരങ്ങൾ, ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യാൻ പരിശീലനം നൽകുന്നു. | | | |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 4 | ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് വളർത്തുക. | ലാംഗ്വേജ് ലാബ്<br>സ്മാർട്ട് ക്ലാസ് റൂം<br>ഡിജിറ്റൽ കഥാ,കവിതശേഖരങ്ങൾ<br>അറബിക് കാർട്ടൂണുകൾ | | | |
| | | | | | |

## <u>ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്</u>

അക്കാദമിക മാസ്റ്റർ പ്ലാൻ

# ENGLISH

**UP Section**

| Sl. No | Activity | Objectives & Presentations | Duration | ചുമതല | Support |
|---|---|---|---|---|---|
| 1 | Vocabulary development programmes | Learners will be able to develop their vocabulary in a need based manner.<br>• Developing concept maps and word webs.<br>• Language games and competitions.<br>• Dictionary making lsing the words of the text book.<br>• Making cross word puzzles.<br>• Designing new language activities to the differently abled children. | June<br><br>July | English Language Teachers | SRG<br>PTA |
| 2 | Reading time | Learners will be able to develop the art of writing through reading.<br>• Aryan Singh English library .<br>• Reader's theatre.<br>• News Paper reading in assembly / classroom.<br>• Making sentence cards. Introducing 'E cube' activities.<br>• Making available story cards.<br>• Writing reviews on the stories that they have read.<br>• Correcting sentence structure with ICT facilities. | August<br><br>September | English Language Teachers | SRG<br>PTA |

| Sl. No | Activity | Objectives & Presentations | Duration | ചുമതല | Support |
|---|---|---|---|---|---|
| 3 | Drama on Theatre Games | <u>Used theatre games in class-room to make learning a plusrable experience.</u><br>• _Learners find out stories from textbooks and write scripts.<br>• Dramatization of script.<br>• Identify the theme of the song to set movements and perform the dance (choreography) | October November | English Club<br><br>English Language Teachers | SRG |
| 4 | Story time | <u>Peoples will be able to find out the stories related to their textbook.</u><br><br>Presentation of stories in different ways (Story telling, Mono Act, Skit) | December | English Club<br><br>English Language Teachers | SRG |

| Sl. No | Activity | Objectives & Presentations | Duration | ചുമതല | Support |
|---|---|---|---|---|---|
| 5 | Public Speaking | Peoples will be able to avoid stage fright and do Public Speech.<br>• Giving chances to listen the video and audio clippings of famous Public Speaking.<br>• Competition is conducted on public speaking.<br>• English Assembly.<br>• Conducting Debate and Seminars. | January February | English Club<br>English Language Teachers | SRG |
| 6 | Talent Development Programmes | To boost learner's confidence in using English language.<br>• English Fest.<br>• Competition in recitation and News Reading.<br>• Competition of Poster Making.<br>• English Magazine. | March | SRG<br>English Club | PTA SRG |

| Sl. No | Activity | Objectives & Presentations | Duration | ചുമതല | Support |
|---|---|---|---|---|---|
| 7 | Interview - dlDifferently abled Person. | Learners will be able to learn the potentialities and talents go beyond physical deformity.<br>• Assembly is Conducted.<br>• Prepare questions. Interview. | | English Language Teachers | SRG |
| 8 | Addressing slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners. | | English Language Teachers | SRG |
| 9 | English Camp | To enable people to have a review on there learning.<br>• Experts are invited<br>• Workshop on writing and dramatization of script (IT based)<br>• Inclution of all types of children. | | English Language Teachers | SRG….. |

**<u>ജി.യു.പി സ്കൂൾ എരഞ്ഞിമങ്ങാട്</u>**

അക്കാദമിക മാസ്റ്റർ പ്ലാൻ

# സയൻസ്

**UP Section**

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ശാസ്ത്ര കൗതുകം കുട്ടികളിൽ വർദ്ധിപ്പിക്കുക. | ♦ സയൻസ് ക്വിസ്<br>♦ സയൻസ് പത്രവാർത്തകൾ വായന<br>♦ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക<br>♦ ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | സയൻസ് ടീച്ചർ PTA | ന്യൂസ് പേപ്പർ ബുക്കുകൾ ICT |
| 2 | Little Scientist Methool | ♦ ശാസ്ത്ര ലാബിലെ ഉപകരണങ്ങൾ പരിചയപ്പെടുത്തുകസെമിനാറുകൾ<br>♦ ശാസ്ത്ര പ്രദർശനങ്ങൾ<br>♦ ശാസ്ത്രമേളകളിലെ പങ്കാളിത്തം | ജൂലൈ - ആഗസ്റ്റ് | അധ്യാപകർ പിടിഎ | ലാബ് ലൈബ്രറി<br><br>സയൻസ് മാഗസിൻ |
| 3 | മികച്ച ഗവേഷകരാക്കുക | ♦ പുസ്തക വായന<br>♦ ഫീൽഡ് ട്രിപ്പ്<br>♦ ദിനാചരണങ്ങൾ<br>♦ ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ<br>♦ നിരീക്ഷണം | ജൂൺ - ഫെബ്രുവരി | അധ്യാപകർ പിടിഎ | ബുക്കുകൾ ജീവചരിത്ര ഗ്രന്ഥങ്ങൾ ലൈബ്രറി |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 4 | അവതരണ മികവ് | ♦ സെമിനാർ<br>♦ പ്രോജക്ട് പ്രസന്റേഷൻ<br>♦ പുസ്തക വായന<br>♦ ഗ്രൂപ്പ് പ്രവർത്തനങ്ങൾ അവതരണം<br>♦ ചർച്ച | ജൂൺ - മാർച്ച് | അധ്യാപകർ | ബുക്കുകൾ<br>ICT<br>ന്യൂസ് പേപ്പർ |
| 5 | മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ വളർത്തിയെടുക്കുക. | ♦ നേരനുഭവങ്ങൾ<br>♦ ചർച്ച<br>♦ ദൃശ്യങ്ങൾ<br>♦ പഠന പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച | അധ്യാപകർ | ഫീൽഡ് ട്രിപ്പ്<br>ശാസ്ത്രമേളകൾ |
| 6 | പ്രശ്നപരിഹാര ശേഷി കൈവരിക്കുക. | സംഘ പഠനം<br>പരീക്ഷണങ്ങൾ<br>നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ | ICT<br>Lab<br>Science<br>Magazine |
| 7 | സാമൂഹികാവബോധം വളർത്തിയെടുക്കുക. | സെമിനാർ<br>ബോധവൽക്കരണ ക്ലാസുകൾ<br>ഉൽപ്പന്നങ്ങളുടെ പ്രദർശനം | നവംബർ - ഡിസംബർ | അധ്യാപകർ<br>PTA | പോസ്റ്റർ<br>ICT<br>പത്രവാർത്തകൾ<br>പുസ്തകങ്ങൾ |


അസംബ്ലി ഹാൾ നിർമ്മാണം 2009-10

# അക്കാദമിക മാസ്റ്റർ പ്ലാൻ




## ജി.യു.പി.എസ് എരഞ്ഞിമങ്ങാട്

എരഞ്ഞിമങ്ങാട് പി.ഒ, നിലമ്പൂർ

മലപ്പുറം ജില്ല, പിൻ - 679 329

ഫോൺ 04931 206 055, Email : gupsermd@gmail.com